റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ (എംഎസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ വില സ്ഥിരതയ്ക്കവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിച്ചു കൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 304/2014/കൃഷി തീയതി 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9/-രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 41/2015 തീയതി 11-3-2015 പ്രകാരം കൃഷി വകപ്പിന്റെ വില സ്ഥിരതയ്ക്കവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ചുനൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക്, കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട കാർഷികവിളകളായ നെല്ലിനും നാളികേരത്തിനും ഉണ്ടാകാറുള്ള വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്

6 (*126) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നേരിട്ടു നല്കുന്നത് നിർത്തലാക്കി സംസ്ഥാന സർക്കാർ മുഖാന്തിരം പണം നല്കുന്ന വിധത്തിൽ പരിഷ്കാരം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാണെന്ന കാര്യം ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, വാർഷിക പദ്ധതി അവലോകനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് സംസ്ഥാന പദ്ധതി ചെലവിനേക്കാൾ കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 വർഷത്തിൽ സംസ്ഥാന പദ്ധതി ചെലവ് 71 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികളുടേത് 57 ശതമാനവുമാണ്.

(ബി) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി എല്ലാ കേന്ദ്ര സഹായവും നൽകുന്നതിന്റെ ഭാഗമായാണ് ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്.

(സി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

7 (*127) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. ടി. എ. റഹിം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് വിതരണത്തിൽ കടിശ്ശിക വന്നിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) നിലവിൽ എന്ത് നിരക്കിലാണ് അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ ;

(സി) കടിശ്ശിക തീർക്കാനും വർദ്ധിപ്പിച്ച നിരക്കിലുള്ള ഗ്രാന്റിന്റെ വിതരണം നടത്താനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അനന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly